(ബി) നിലവിലുള്ള കെട്ടിട നികുതി നിർണ്ണയ സമ്പ്രദായത്തിൽ ചില ന്യൂനതകൾ ഉള്ളതായി കരുതുന്നു.

(സി) കെട്ടിട നികുതി നിർണ്ണയം കാലോചിതമായി പരിഷ്ക്കരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ചില സാമ്പിൾ പഠനങ്ങൾ നടത്തിയിട്ടുണ്ട്. മുനിസിപ്പൽ ഭരണ ഡയറക്ടർ, ചീഫ് ടൗൺ പ്ലാനർ എന്നിവരുമായി കൂടുതൽ ചർച്ചകൾ നടത്തി ഒരു പുതിയ നികുതി പരിഷ്ക്കരണ സമ്പ്രദായം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ഡി) കാലാകാലങ്ങളിൽ ജനോപകാരപ്രദമായ സംഗതി നടത്തേണ്ടി വരുമ്പോൾ നഗരസഭയ്ക്ക് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി നികുതി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

(ഇ) പുതിയ നികുതി പരിഷ്ക്കരണ സമ്പ്രദായം നിലവിൽ വരുമ്പോൾ നികുതി നിർണ്ണയത്തെപ്പറ്റിയുള്ള പരാതികൾക്ക് അറുതി വരുമെന്നും അതോടൊപ്പം വരുമാനം വർദ്ധിക്കുമെന്നും കരുതുന്നു.

(എഫ്) നടപടി സ്വീകരിച്ചു വരുന്നു.

വില്പനനികുതി (വെട്ടിപ്പ് തടയുന്നതിന് നടപടി)

7 (*215) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. ദാസൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വില്പന നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി യഥാസമയം പിരിച്ചെടുക്കുന്നതിനുമുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) വില്പന നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിൽ സംസ്ഥാന സർക്കാർ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) വില്പന നികുതി പിരിവിൽ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിനിടയിൽ കുറവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) വില്പന നികുതി ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഇ) വില്പന നികുതി പിരിവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രോൽസാഹനവും സംരക്ഷണവും നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വില്പന നികുതി ഇനത്തിൽ ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന തുക യഥാസമയം സർക്കാരിലേയ്ക്ക് അടയ്ക്കാൻ മടി കാണിക്കുന്ന വ്യാപാരികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ;

(ജി) 2000-2001-ൽ എന്തു തുക വില്പന നികുതി ഇനത്തിൽ പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; ഇതിൽ എന്തു തുക പിരിച്ചെടുക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) വില്പന നികുതി വെട്ടിപ്പ് തടയുന്നതിനായി എൻഫോഴ്സ്മെന്റ് ജോയിന്റ് കമ്മീഷണറുടെ കീഴിൽ ഇന്റലിജൻസ് വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനാതിർത്തികളിൽ ചെക്ക് പോസ്റ്റുകളും കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഇവിടങ്ങളിലെ ഇന്റലിജൻസ് വിഭാഗം മിന്നൽ പരിശോധന നടത്തുകയും വാഹനങ്ങളും കടകളും പരിശോധന നടത്തി പരമാവധി നികുതി വെട്ടിപ്പ് തടയുകയും ചെയ്യുന്നുണ്ട്. കൂടാതെ പാഴ്സൽ ആഫീസുകൾ, ബാങ്കുകൾ മുതലായ സ്ഥാപനങ്ങളിലെ റിക്കാർഡുകൾ പരിശോധിച്ച് നികുതി ചോർച്ച തടയുന്നതിന് ഇൻവെസ്റ്റിഗേഷൻ വിഭാഗവും പ്രവർത്തിച്ചു വരുന്നു.

(ബി) വില്പന നികുതി പിരിച്ചെടുക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ചെക്കുപോസ്റ്റുകൾ ശക്തിപ്പെടുത്തുകയും വാഹനങ്ങളും വ്യാപാരസ്ഥാപനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു.
2. ചരക്കുകൾ, വാഹനങ്ങൾ വഴി കടത്തി കൊണ്ടുപോകുമ്പോൾ തടഞ്ഞുനിർത്തി പരിശോധിച്ച്, രേഖകളില്ലാത്ത സാധനങ്ങൾക്ക് പിഴ ഈടാക്കുന്നു.
3. ഇൻവെസ്റ്റിഗേഷൻ ബ്രാഞ്ച് ശക്തിപ്പെടുത്തി പാർസൽ ആഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ റിക്കാർഡുകൾ പരിശോധിച്ച് നികുതി ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കുന്നു.
4. നികുതി വെട്ടിപ്പ് സംബന്ധിച്ച വിവരം ലഭിച്ചു കഴിഞ്ഞാലുടൻ വില്പന നികുതി ചട്ടത്തിലെ റൂൾ 26 പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധന നടത്തി നികുതി ചോർച്ച തടയുന്നു.
5. റെയിൽവേ സ്റ്റേഷനുകൾ, വിമാനത്താവളങ്ങൾ എന്നിവിടങ്ങളിൽ നടക്കുന്ന നികുതി വെട്ടിപ്പ് തടയുന്നതിന് പ്രത്യേക പരിശോധനകൾ നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

6. എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കമ്മീഷണർ അടക്കമുള്ള വില്പന നികുതി ഉദ്യോഗസ്ഥരുടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നു. മേൽപ്പറഞ്ഞ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫലമായി നികുതി പിരിവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) കുറവ് വന്നിട്ടില്ല.

(ഡി) 1. ഊർജ്ജിതമായ നികുതി പിരിവിനായി ജില്ലാതലത്തിൽ കോൺഫറൻസുകൾ വിളിച്ചു കൂട്ടി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

2. കെട്ടിക്കിടക്കുന്ന അപ്പീലുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടു വരുന്നു.

3. റവന്യൂ വകുപ്പിലേയും വാണിജ്യ നികുതി വകുപ്പിലേയും ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുകൂട്ടി കുടിശ്ശിക പിരിവ് വിലയിരുത്തുകയും ത്വരിതപ്പെടുത്താൻ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

മേൽപ്പറഞ്ഞവയ്ക്ക് പുറമേ (ബി) ചോദ്യത്തിന്റെ ഉത്തരത്തിൽ പറയും പ്രകാരമുള്ള നടപടികളും തുടർന്നു വരുന്നു.

(ഇ) സംരക്ഷണവും പ്രോൽസാഹനവും നൽകി വരുന്നുണ്ട്.

(എഫ്) വില്പന നികുതി നിയമം 45 (എ), 46 എന്നീ വകുപ്പുകൾ പ്രകാരം ഇത്തരം വ്യാപാരികൾക്കെതിരെ അടക്കേണ്ടതായ തുകയുടെ ഇരട്ടി വരെ പിഴ ചുമത്തുന്നതിനും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിനും വ്യവസ്ഥയുണ്ട്. ആവശ്യമായിടത്തെല്ലാം ഈ വ്യവസ്ഥകൾ നടപ്പാക്കി വരുന്നുണ്ട്.

(ജി) 2000-2001-ൽ 4516 കോടി രൂപ പിരിച്ചെടുക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതിൽ 28-2-2001 വരെ 3652 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞു.

എസ്റ്റിമേറ്റും യഥാർത്ഥ ചെലവും തമ്മിലുള്ള അന്തരം

8 (*216) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വരവ് ചെലവുകളിൽ എസ്റ്റിമേറ്റും യഥാർത്ഥ ചെലവും തമ്മിലുള്ള അന്തരം വർഷം തോറും വർദ്ധിച്ചു വരുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു നിയന്ത്രിക്കാൻ എന്തു നടപടി സ്വീകരിച്ചു ;

(സി) കഴിഞ്ഞ മൂന്നു വർഷത്തെ വരവ് ചെലവുകളിൽ എസ്റ്റിമേറ്റും യഥാർത്ഥ ചെലവും എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly